# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1911** **22.03.2012 ൽ മറുപടിക്ക്**

## വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിലെ നിയമനങ്ങൾ

**ചോദ്യം**
ശ്രീ. എം. എ.ബേബി :

**മറുപടി**
ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; | എ | 20 കരാർ ജീവനക്കാർ മാത്രമാണ് ഉണ്ടായിരുന്നത്. (ഡിസ്ട്രിക്ട് കളക്ടർ, തഹസിൽദാർ എന്നിവരുടെ ഉത്തരവ് പ്രകാരം എൽ.എ. ഓഫീസിൽ ദിവസവേതനത്തിൽ ഉണ്ടായിരുന്ന 3 പേർ ഇതിൽ ഉൾപ്പെടുന്നില്ല.).സ്ഥിരം ജീവനക്കാരോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ ജീവനക്കാരോ ഉണ്ടായിരുന്നില്ല. |
| ബി | ഇവിടെ നിന്ന് ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ ; | ബി | ഉണ്ട്. |
| സി | എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | സി | കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ നിയമിച്ചത് സർക്കാർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അല്ലാത്തതിനാലാണ് അവരെ പിരിച്ചുവിടാൻ തീരുമാനിച്ചത്. ഇതിൽ 9 ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി വി.ഐ.എസ്.എൽ -ൽ തുടരുന്നു. ഒരാൾ സ്വയം രാജിവെച്ച് പോയിട്ടുണ്ട്. |
| ഡി | ഇവിടെ പുതിയ നിയമനങ്ങൾ നടന്നിട്ടുണ്ടോ ; | ഡി | ഉണ്ട്. |
| ഇ | എങ്കിൽ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം ശമ്പളസ്കെയിലിൽ എത്രപേരെ നിയമിച്ചു ; വ്യക്തമാക്കാമോ ; | ഇ | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയറേയും (EE & Head (Env)), ഒരു സബ് എൻജിനീയറേയും (Engineer (EI) നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | [illegible] കളക്ടറെ, ' അഡ്വൈസർ ലാന്റ് മാറ്റേഴ്സ് ' ആയും ഒരു റിട്ടയേർഡ് തഹസിൽദാരെ, ' റവന്യൂ കൺസൾട്ടന്റായും ' യഥാക്രമം 20,000 രൂപ, 18,000 രൂപ Consolidated ശമ്പളത്തിൽ വി.ഐ.എസ്.എൽ ബോർഡിന്റെ അംഗീകാരത്തോടു കൂടി നിയമിക്കപ്പെട്ടിട്ടുണ്ട്. ചീഫ് ടെക്നിക്കൽ ഓഫീസർ. ചീഫ് ഫൈനാൻസ് ഓഫീസർ എന്നീ രണ്ട് തസ്തികകളിലേയ്ക്കായി ബോർഡ് അംഗീകാരത്തോടു കൂടി ഓരോ ആളെ വീതം സെലക്റ്റ് ചെയ്തിട്ടുണ്ട്. 13/3/2012 ലെ ജി.ഒ(എം.എസ്) നം. 21/12/മതുവ സർക്കാർ ഉത്തരവ് പ്രകാരം കമ്പനി അവരുമായി ഉണ്ടാക്കുന്ന ഒരു എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ഇവരെ 3 കൊല്ലത്തേയ്ക്ക് പ്രതിമാസം 90,000 രൂപ കൺസോളിഡേറ്റഡ് ശമ്പളത്തിൽ കരാർ വ്യവസ്ഥയിലാണ് നിയമനം.<br>( ഇതിനു പുറമേ ചെയർമാന്റെ ഓഫീസിൽ ഉള്ള വാഹനത്തിനു ഒരു ഡ്രൈവറെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ) |
| എഫ് | നിയമനം സംബന്ധിച്ച് ഇവിടെ ഉണ്ടായിരുന്ന വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | എഫ് | കരാർ വ്യവസ്ഥയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും മാത്രമാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |
| ജി | ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ പുതിയ നിയമനങ്ങൾ നടന്നത് ; വ്യക്തമാക്കാമോ ? | ജി | പുതിയതായി ആകെ നിയമിച്ച നാലു പേരിൽ, രണ്ടു പേരെ ഡെപ്യൂട്ടേഷനിലും മറ്റു രണ്ടുപേർ അംഗീകാരം നൽകിയ തസ്തികകളിൽ , റിട്ടയേർഡ് റവന്യൂ ഉദ്യോഗസ്ഥൻമാരെ ബോർഡ് തീരുമാനപ്രകാരമാണ് നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ